(ബി) ഈ റോഡിന്റെ നിർമ്മാണം ദ്രുതഗതിയിലാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഈ റോഡിന്റെ നിർമ്മാണ ജോലികൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്ലാപ്പള്ളി സീതത്തോട് വടശ്ശേരിക്കര റോഡ് വികസിപ്പിക്കുന്നതിന് നടപടി

81 (1391) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിലേക്കുള്ള പ്ലാപ്പള്ളി സീതത്തോട് വടശ്ശേരിക്കര റോഡ് വികസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ റോഡിന്റെ പ്ലാപ്പള്ളി മുതൽ ചിറ്റാർ വരെയുള്ള വീതി കുറഞ്ഞ ഭാഗം വീതി കൂട്ടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) വണ്ടിപ്പെരിയാർ-മൂഴിയാർ-പ്ലാപ്പള്ളി റോഡ് സഞ്ചാരയോഗ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഈ റോഡിന്റെ വികസനം സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. പത്തനംതിട്ടയ്ക്കടുത്തുള്ള മണ്ണാറക്കുളഞ്ഞി മുതൽ പ്ലാപ്പള്ളി വരെയുള്ള 32 കി.മീ. റോഡ് രണ്ട് വരിപ്പാതയായും, പ്ലാപ്പള്ളി മുതൽ പമ്പ വരെയുള്ള 26 കി.മീ. റോഡ് നാല് വരിപ്പാതയായും വികസിപ്പിക്കുന്നതിന് മലേഷ്യൻ സർക്കാരിന്റെ സഹായത്തോടെയുള്ള ഒരു പദ്ധതി പരിഗണനയിലുണ്ട്.

(ഡി) ടി റോഡിൽ പ്ലാപ്പള്ളി മുതൽ മൂഴിയാർ വരെയുള്ള ഭാഗം (25 കി.മീ.) അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്.

ഹരിപ്പാട് മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ

82 (1392) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നിയോജക മണ്ഡലത്തിൽപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ ഏതെല്ലാം റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാണ് ഇപ്പോൾ നടപടികൾ സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly